# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഡിസംബർ 1<br>December 1 | 2018 |
|---|---|

***1193 വൃശ്ചികം 15 ശനി***

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ചിത്രരചനാ മത്സരം**

ദേശീയ ബാലചിത്രരചനാ മത്സരം ഈ മാസം എട്ടിന് രാവിലെ ഒമ്പതിന് പത്തനംതിട്ട പോലീസ് സ്റ്റേഷൻ റോഡിലുള്ള കോ-ഓപ്പറേറ്റീവ് കോളജിൽ നടക്കും. ജില്ലാ കളക്ടർ പി.ബി.നൂഹ് മത്സരം ഉദ്ഘാടനം ചെയ്യും. മത്സരാർഥികൾ പേര്, പഠിക്കുന്ന സ്കൂൾ, ക്ലാസ് എന്നിവ രേഖപ്പെടുത്തി പ്രധാന അധ്യാപകന്റെ കത്ത് ഹാജരാക്കണം. ഭിന്നശേഷിയുള്ള കുട്ടികളുടെ ഭിന്നശേഷി തെളിയിക്കുന്ന സ്കൂൾ അധികാരിയുടെ കത്ത് ഹാജരാക്കണം. ഫോൺ: 9645374919, 8547370322. (പിഎൻപി 3907/18)

**ഓവർസിയർ ഒഴിവ്**

ഏനാദിമംഗലം ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിലവിലുള്ള ഓവർസിയറുടെ താത്ക്കാലിക ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. സിവിൽ എൻജിനീയറിംഗ് ഡിപ്ലോമ/ബി.ടെക് പാസായവർക്ക് അപേക്ഷിക്കാം. താത്പര്യമുള്ളവർ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം ഈ മാസം 10നകം പഞ്ചായത്ത് ഓഫീസിൽ അപേക്ഷ നൽകണം. ഫോൺ: 04734 246031. (പിഎൻപി 3908/18)

**മത്സ്യവിത്ത് നിക്ഷേപിച്ചു**

നദികൾ, പൊതുജലാശയങ്ങൾ എന്നിവയിലെ മത്സ്യസമ്പത്ത് വർധിപ്പിക്കുന്നതിനും ഉൾനാടൻ മത്സ്യോത്പാദന വർധനവിനുമായി ഫിഷറീസ് വകുപ്പ് നടപ്പാക്കുന്ന സാമൂഹ്യ

മത്സ്യകൃഷി പദ്ധതിയുടെ ഭാഗമായി പുറമറ്റം ഗ്രാമപഞ്ചായത്തിലെ മണിമലയാറ്റിൽ കോമളം കടവിൽ മത്സ്യവിത്ത് നിക്ഷേപിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി ഉദ്ഘാടനം ചെയ്തു. വിവിധ ഇനങ്ങളിൽപ്പെട്ട മൂന്ന് ലക്ഷം കാർപ്പ് മത്സ്യവിത്തുകളാണ് നിക്ഷേപിച്ചത്. കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നിർമല മാത്യൂസ്, പുറമറ്റം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് തോമസ് ജേക്കബ്, തദ്ദേശഭരണ ഭാരവാഹികളായ ജിജി മാത്യു, രജനി ജയരാജൻ, ആഷാജയപാലൻ, റെയ്ച്ചൽ ബോബൻ, സജി ചാക്കോ, വിനീത് കുമാർ, അജിത് പ്രസാദ്, ജില്ലാ ഫിഷറീസ് ഓഫീസർ എസ്.പ്രിൻസ് തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 3909/18)

## എയ്ഡ്സ് ദിനാചരണം: ദീപം തെളിയിച്ചു

ലോക എയ്ഡ്സ് ദിനാചരണ പരിപാടികളുടെ ഭാഗമായി ജില്ലാ മെഡിക്കൽ ഓഫീസിന്റെ (ആരോഗ്യം) ആഭിമുഖ്യത്തിൽ പത്തനംതിട്ട നഗരസഭാ ബസ് സ്റ്റാൻഡിൽ ദീപം തെളിയിച്ചു. നഗരസഭാധ്യക്ഷ അഡ്വ.ഗീത സുരേഷ് ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.പി.എൻ.പത്മകുമാരി, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.എബിസുഷൻ, ഡെപ്യൂട്ടി മാസ് മീഡിയ ഓഫീസർമാരായ റ്റി.കെ.അശോക് കുമാർ, എ.സുനിൽ കുമാർ, ജില്ലാ മലേറിയ ഓഫീസർ രാജശേഖരൻ തുടങ്ങിയവർ സംസാരിച്ചു.

(പിഎൻപി 3910/18)

## കൗമാരപ്രായക്കാരിൽ എച്ച്ഐവി–എയ്ഡ്സ് അവബോധം ശക്തിപ്പെടുത്തണം – വീണാജോർജ് എംഎൽഎ

എച്ച്ഐവി അണുബാധ ഫലപ്രദമായി നിയന്ത്രിക്കുന്നതിന് കൗമാരപ്രായക്കാർക്കും യുവാക്കൾക്കും രോഗത്തെക്കുറിച്ച് കൂടുതൽ അറിവ് നൽകേണ്ടതുണ്ടെന്ന് വീണാജോർജ് എംഎൽഎ പറഞ്ഞു. എയ്ഡ്സ് ദിനാചരണത്തിന്റെ ഭാഗമായി പത്തനംതിട്ട നഗരസഭാ ബസ് സ്റ്റാൻഡിൽ നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു എംഎൽഎ. എല്ലാ വ്യക്തികളും അവരുടെ എച്ച്ഐവി സ്റ്റാറ്റസ് പരിശോധിച്ച് അറിയാൻ തയാറാകണമെന്നാണ് ലോകാരോഗ്യ സംഘടന നിർദേശിച്ചിട്ടുള്ളതെന്നും എംഎൽഎ പറഞ്ഞു.

നഗരസഭാധ്യക്ഷ അഡ്വ.ഗീത സുരേഷ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ.എ.എൽ.ഷീജ മുഖ്യപ്രഭാഷണം നടത്തി. ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.എബിസുഷൻ ദിനാചരണ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. നഗരസഭയിലെ ആരോഗ്യ സ്ഥിരം സമിതി അധ്യക്ഷ സിന്ധു അനിൽ റെഡ്റിബൺ അണിയിച്ചു. ജില്ലാ പഞ്ചായത്ത് ആരോഗ്യ സ്ഥിരം സമിതി അധ്യക്ഷ കെ.ജി.അനിത ദിനാചരണ സന്ദേശം നൽകി. ഡെപ്യൂട്ടി ഡിഎംഒ ഡോ.പി.എൻ.പത്മകുമാരി, എയ്ഡ്സ് കൺട്രോൾ സൊസൈറ്റി സാന്ത്വനം പ്രോജക്ട് മാനേജർ വിജയനായർ, സ്കൗട്ട് ആൻഡ് ഗൈഡ്സ് ജില്ലാ ട്രെയിനിംഗ് കമ്മീഷണർ മാത്യുസൺ പി.തോമസ്, ഡെപ്യൂട്ടി മാസ് മീഡിയ ഓഫീസർമാരായ റ്റി.കെ.അശോക് കുമാർ, എ.സുനിൽ കുമാർ, ടെക്നിക്കൽ അസിസ്റ്റന്റ് എം.ആർ.അനിൽ കുമാർ തുടങ്ങിയവർ സംസാരിച്ചു.

ഇതോടനുബന്ധിച്ച് ഇന്നലെ രാവിലെ കളക്ടറേറ്റിൽ നിന്നും ആരംഭിച്ച സന്ദേശറാലി ഡിവൈഎസ്പി പ്രദീപ് കുമാർ ഫ്ളാഗ് ഓഫ് ചെയ്തു. റാലിയിൽ മികച്ച പങ്കാളിത്തം കാഴ്ചവച്ച നഴ്സിംഗ് കോളജുകൾക്ക് ട്രോഫിയും കാഷ് പ്രൈസും നൽകി. അടൂർ ഹോളി ക്രോസ് കോളജ് ഓഫ് നഴ്സിംഗ് ഒന്നാം സ്ഥാനവും തിരുവല്ല പുഷ്പഗിരി കോളജ് ഓഫ് നഴ്സിംഗ് രണ്ടാം സ്ഥാനവും ചുട്ടിപ്പാറ യൂണിവേഴ്സിറ്റി കോളജ് ഓഫ് നഴ്സിംഗ് മൂന്നാം സ്ഥാനവും നേടി.

(പിഎൻപി 3911/18)

## മഞ്ഞനിക്കര പ്രാഥമിക ആരോഗ്യകേന്ദ്രം ഉദ്ഘാടനം ചെയ്തു

മഞ്ഞനിക്കര പ്രാഥമിക ആരോഗ്യകേന്ദ്രം വീണാജോർജ്ജ് എംഎൽഎ ഉദ്ഘാടനം ചെയ്തു.

ആരോഗ്യകേന്ദ്രത്തിന്റെ തുടർപ്രവർത്തനങ്ങളിൽ സർക്കാരിന്റെ എല്ലാ സഹായങ്ങളും ഉണ്ടാകുമെന്നും മഞ്ഞനിക്കര ദയറായിലേയ്ക്ക് എത്തുന്ന ആയിരകണക്കിന് തീർത്ഥാടകർക്ക് ആരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനം ഏറെ സഹായകരമാകുമെന്നും എംഎൽഎ പറഞ്ഞു. പുതിയ കെട്ടിടത്തിനായി സ്ഥലം വിട്ടുനൽകിയ പള്ളിഭാരവാഹികൾക്ക് എംഎൽഎ നന്ദി അറിയിച്ചു. 1500 സ്ക്വയർഫീറ്റിൽ ഒരുക്കിയിരിക്കുന്ന കെട്ടിടത്തിൽ ഓഫീസ് മുറി, മെഡിക്കൽ ഓഫീസർക്കുള്ള മുറി, നഴ്സിങ് സ്റ്റേഷൻ, സ്റ്റോർ റൂം, ഫാർമസി, ഇമ്യൂണൈസേഷൻ മുറി എന്നിവയും അത്യാധുനിക സൗകര്യങ്ങളും ഒരുക്കിയിരിക്കുന്നു. ഒരു ഡോക്ടറടക്കം ആറ് ജീവനക്കാരാണ് പ്രാഥമികാരോഗ്യകേന്ദ്രത്തിലുള്ളത്. ടിവി, കുടിവെള്ളം, എന്നിവയും ഒരുക്കിയിട്ടുണ്ട്. ചെന്നീർക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കലാ അജിത്ത് അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ ലീല മോഹൻ, ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് വികസന സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ കെ.എസ്.പാപ്പച്ചൻ, ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ആലീസ് രവി, ചെന്നീർക്കര ഗ്രാമപഞ്ചായത്ത് വാർഡ് അംഗം സുജാ റെജി, ജില്ലാ മെഡിക്കൽ ഓഫീസർ എ.എൽ ഷീജ, നാഷണൽ ഹെൽത്ത് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ എബി സുഷൻ, മെഡിക്കൽ ഓഫീസർ വിപിൻ.വി.വിജയൻ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 3912/18)

## എംപ്ലോയബിലിറ്റി സെന്ററിന്റെ മെഗാ തൊഴിൽമേള

ആലപ്പുഴ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനു കീഴിലുള്ള എംപ്ലോയബിലിറ്റി സെന്റർ നടത്തുന്ന മെഗാ തൊഴിൽമേള–ദിശ 2018 പുന്നപ്ര കാർമൽ എൻജിനീയറിങ് കോളേജിൽ ഡിസംബർ എട്ടിന് നടക്കും. അമ്പതോളം കമ്പനികൾ പങ്കെടുക്കുന്ന തൊഴിൽമേളയിൽ മൂവായിരത്തോളം തൊഴിൽ അവസരങ്ങളുണ്ടാകും. ആലപ്പുഴ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെയും കാർമൽ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളോജിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ നടക്കുന്ന തൊഴിൽമേള പ്രവർത്തി പരിചയം ഉള്ളവരെയും ഇല്ലാത്തവരെയും ഒരുപോലെ ലക്ഷ്യമിടുന്നു. പ്ലസ് ടു അല്ലെങ്കിൽ തത്തുല്യ യോഗ്യത ഐടിഐ, ഡിപ്ലോമ, ബിടെക്, ബിരുദം, ബിരുദാനന്തര ബിരുദം വരെ യോഗ്യതയുള്ളവർക്ക് പങ്കെടുക്കാം . ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിൽ തന്നെ നിയമനം ആഗ്രഹിക്കുന്നവർക്കും മേളയിൽ അവസരം ഉണ്ടാകും. മേളയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾ ബയോഡാറ്റയുടെ ആറ് പകർപ്പ്, സർട്ടിഫിക്കറ്റുകളുടെ ഓരോ പകർപ്പ് എന്നിവയുമായി അന്നേദിവസം രാവിലെ 8:30 ന് എത്തണം. മുൻകൂട്ടി രജിസ്റ്റർ ചെയ്യാത്തവർക്കും മേളയിൽ പങ്കെടുക്കാം. പ്രായ പരിധി 40 വയസ്. പങ്കെടുക്കുന്ന കമ്പനികളുടെ വിവരങ്ങൾ ഡിസംബർ നാലിന് വൈകിട്ട് നാലിന് **www.employabilitycentre.org** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. കൂടുതൽ വിവരത്തിന് ഫോൺ : 0477–2230624, 8078828780, 8078222707.

(പിഎൻപി 3914/18)

## ഷോർട്ട് ലിസ്റ്റ്

ജില്ലയിൽ വിവിധ വകുപ്പുകളിൽ ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (എൽഡിവി) എൻസിഎ–എസ്.റ്റി (കാറ്റഗറി നമ്പർ 156/2016), എൻസിഎ–വിശ്വകർമ്മ (155/2016) തസ്തികയിലേക്കുള്ള ചുരുക്കപ്പട്ടിക പി.എസ്.സി പ്രസിദ്ധീകരിച്ചു.

(പിഎൻപി 3915/18)

## സൗദി അറേബ്യയിൽ ഡോക്ടർമാരുടെ ഒഴിവുകൾ

സൗദി അറേബ്യ ആരോഗ്യ മന്ത്രാലയത്തിൽ കൺസൾട്ടന്റ് ആൻഡ് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവിലേക്ക് ഒഡെപെക് അപേക്ഷ ക്ഷണിച്ചു. ഫാമിലി മെഡിസിൻ, ജനറൽ

സർജറി, ഐസിയു, ഇന്റേണൽ മെഡിസിൻ, ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി എന്നിവയിൽ രണ്ട് വർഷത്തെ പരിചയമുള്ളവർക്ക് അപേക്ഷിക്കാം. താത്പര്യമുള്ളവർ ഈ മാസം ഏഴിനകം odepckerala@gmail.com എന്ന ഇ–മെയിൽ വിലാസത്തിൽ അപേക്ഷിക്കണം. കൂടുതൽ വിവരത്തിന് www.odepc.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. (പിഎൻപി 3916/18)

**പ്രത്യേക പത്രക്കുറിപ്പ്**

## ഇന്ന് (2) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ജില്ലയിൽ ഇന്ന് (2) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: ട്രാവൻകൂർ മെഡിക്കൽസ് പത്തനംതിട്ട, പരാഗ് മെഡിക്കൽസ് ആൻഡ് ഏജൻസീസ് കോന്നി, വട്ടത്തറയിൽ ഡ്രഗ് ഹൗസ് കോഴഞ്ചേരി, ജെ.ജെ മെഡിക്കൽസ് അടൂർ, വള്ളിക്കുന്നേൽ മെഡിക്കൽസ് കുളനട, ജയ മെഡിക്കൽസ് കാവുംഭാഗം തിരുവല്ല, കൈരളി മെഡിക്കൽസ് പഴവങ്ങാടി റാന്നി, പ്രതിഭ മെഡിക്കൽസ് പെരുനാട്.

(പ്രത്യേക പത്രക്കുറിപ്പ് 46/18)

## നാളെ (3) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ജില്ലയിൽ നാളെ (3) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: അബിൻ മെഡിക്കൽസ് പത്തനംതിട്ട, ബിലീവേഴ്സ് ചർച്ച് മെഡിക്കൽ സെന്റർ കോന്നി, ഹരികൃഷ്ണ മെഡിക്കൽസ് കോഴഞ്ചേരി, ബിനു മെഡിക്കൽസ് അടൂർ, തുഷാര മെഡിക്കൽസ് പന്തളം, ഭഗവത് മെഡിക്കൽസ് തിരുവല്ല, തിരുവല്ല മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ റാന്നി, എംറ്റിഎംഎം ബഥനി ഹോസ്പിറ്റൽ റാന്നി.

(പ്രത്യേക പത്രക്കുറിപ്പ് 47/18)

## ശബരിമല തീർത്ഥാടനം :
## വിപുലമായ ഒരുക്കങ്ങളുമായി കോഴഞ്ചേരി പഞ്ചായത്ത്

ശബരിമലയിലേക്ക് എത്തുന്ന തീർത്ഥാടകർക്ക് ആശ്വാസമേകുന്നതിനായി കോഴഞ്ചേരി ഗ്രാമപഞ്ചായത്തിലെ ഇടത്താവളം സജ്ജമായി. കുടിവെള്ളം, ശുചിമുറി, വിശ്രമമുറി എല്ലാം ഉൾപ്പെട്ട കോഴഞ്ചേരി പഞ്ചായത്ത് സ്റ്റേഡിയത്തിലെ ഇടത്താവളത്തിന്റെ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി ശ്യാംമോഹൻ നിർവഹിച്ചു. ശബരിമല തീർത്ഥാടനത്തിനെത്തുന്ന ഭക്തർക്ക് അവശ്യസൗകര്യങ്ങളൊരുക്കുന്നതിനായി സംസ്ഥാന സർക്കാർ അഞ്ച് ലക്ഷം രൂപയാണ് കോഴഞ്ചേരി ഗ്രാമപഞ്ചായത്തിന് അനുവദിച്ചിരിക്കുന്നത്. അയ്യപ്പഭക്തർക്ക് വിരി വയ്ക്കുന്നതിനും വിശ്രമിക്കുന്നതിനും വിപുലമായ സൗകര്യമാണ് ഇടത്താവളത്തിൽ ഒരുക്കിയിരിക്കുന്നത്. അയ്യപ്പന്മാർക്കായി പായ്, പുതപ്പ് എന്നിവയും പഞ്ചായത്ത് ലഭ്യമാക്കിയിട്ടുണ്ട്. കുടിക്കുന്നതിനായി ചുക്കുവെള്ളവും ഇവിടുണ്ട്. ഇടത്താവളത്തിൽ അയ്യപ്പഭക്തർക്ക് ഭജന ചൊല്ലുന്നതിനും പ്രത്യേക ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. മെഡിക്കൽ സേവനം ലഭ്യമാക്കുന്നതിനായി ജില്ലാ ആശുപത്രിയുടെ സഹകരണം ആവശ്യപ്പെടുമെന്ന് പ്രസിഡന്റ് അറിയിച്ചു. അയ്യപ്പഭക്തർക്ക് സ്വസ്ഥമായി വിശ്രമിക്കുന്നതിനും വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യവും മുന്നിൽകണ്ടാണ് പഞ്ചായത്ത് അധികൃതർ ഈ വർഷം സ്റ്റേഡിയത്തിൽ ഇടത്താവളം ഒരുക്കിയത്. ഇടത്താവളത്തിൽ വിളക്ക് കത്തിക്കുന്നതിനും ശുചീകരണ പ്രവർത്തനത്തിനുമായി ഒരു ജീവനക്കാരനെയും പഞ്ചായത്ത് താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. മണ്ഡല മകരവിളക്ക് കാലത്ത് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഇതരസംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന ആയിരക്കണക്കിന് അയ്യപ്പഭക്തർ പന്തളത്തെത്തി അവിടെനിന്ന് ശബരിമലയിലേക്ക് കാൽനടയായി പോകുന്നത് കോഴഞ്ചേരി പഞ്ചായത്തിലെ പഴയതെരുവും പമ്പാടിമണ്ണും

ഉൾപ്പെടുന്ന പാതയിലൂടെയാണ്. ഇവിടങ്ങളിൽ ആവശ്യമായ തെരുവുവിളക്കുകൾ സ്ഥാപിക്കാനുള്ള നടപടികളും ആരംഭിച്ചു. തിരുവാഭരണം ഭക്തജന ദർശനത്തിന് വയ്ക്കുന്ന കോഴഞ്ചേരി പാമ്പാടിമൺ അയ്യപ്പക്ഷേത്രത്തിന് സമീപവും തീർത്ഥാടകർ കടന്നുപോകുന്ന പഴയതെരുവിലും ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നുണ്ട്. കൂടാതെ ഇവിടങ്ങളിലെ പാതവെടിപ്പാക്കലും ശുചീകരണ ജോലികളും പൂർത്തിയായി വരികയാണ്. ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡന്റ് പ്രകാശ്കുമാർ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ക്രിസ്റ്റഫർദാസ്, ആരോഗ്യ വിദ്യാഭ്യാസ കമ്മിറ്റി ചെയർപേഴ്സൺ സാറാമ്മ ഷാജൻ, വാർഡ് മെമ്പർ സോണി കൊച്ചുതുണ്ടിയിൽ, പഞ്ചായത്ത് സെക്രട്ടറി റ്റി രാജേഷ്കുമാർ, കൃഷി ഓഫീസർ എസ്. കവിത തുടങ്ങിയവർ പങ്കെടുത്തു. (പ്രത്യേക പത്രക്കുറിപ്പ് 48/18)

## ഫോട്ടോ അടിക്കുറിപ്പ്

1) ശബരിമല തീർത്ഥാടകർക്കായി കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് സജ്ജീകരിച്ച ഇടത്താവളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി ശ്യാംമോഹൻ ഉദ്ഘാടനം ചെയ്യുന്നു.
2) ലോക എയ്ഡ്സ് ദിനാചരണ പരിപാടികളുടെ ഭാഗമായി ജില്ലാ മെഡിക്കൽ ഓഫീസിന്റെ (ആരോഗ്യം) ആഭിമുഖ്യത്തിൽ പത്തനംതിട്ട നഗരസഭാ ബസ് സ്റ്റാൻഡിൽ നടന്ന ദീപം തെളിയിക്കൽ.
3) എയ്ഡ്സ് ദിനാചരണത്തിന്റെ ഭാഗമായി പത്തനംതിട്ട നഗരസഭാ ബസ് സ്റ്റാൻഡിൽ നടന്ന പൊതുസമ്മേളനം വീണാജോർജ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.
4) എയ്ഡ്സ് ദിനാചരണത്തോടനുബന്ധിച്ച് കളക്ടറേറ്റിൽ നിന്നും ആരംഭിച്ച സന്ദേശ റാലി ഡിവൈഎസ്പി പ്രദീപ് കുമാർ ഫ്ളാഗ് ഓഫ് ചെയ്യുന്നു.
5) എയ്ഡ്സ്ദിന സന്ദേശ റാലിയിൽ നിന്ന്




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

**ഡിസംബർ 1**

**December 1**

**2018**

***1193 വൃശ്ചികം 15 ശനി***

# പത്രക്കുറിപ്പ് -2

**www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657**

**അങ്കണവാടി വർക്കർ, ഹെൽപ്പർ ഒഴിവ്**

പെരുനാട്, വടശേരിക്കര, ചിറ്റാർ, സീതത്തോട് പഞ്ചായത്തുകളിലെ അങ്കണവാടി വർക്കർ, ഹെൽപ്പർ സ്ഥിരനിയമനത്തിന് അതത് പഞ്ചായത്തുകളിലെ സ്ഥിരം താമസക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സി/തത്തുല്ല്യ പരീക്ഷ പാസായവർക്ക് വർക്കർ തസ്തികയിലേക്ക് അപേക്ഷിക്കാം. പട്ടികജാതി വിഭാഗങ്ങളിൽ എസ്എസ്എൽസി തോറ്റവർക്കും പട്ടികവർഗ വിഭാഗങ്ങളിൽ എട്ടാം ക്ലാസ് പാസായവർക്കും അപേക്ഷിക്കാം. ഹെൽപ്പർ തസ്തികയിലേക്ക് എസ്എസ്എൽസി/തത്തുല്യ പരീക്ഷ പാസാകാൻ പാടില്ല. എഴുത്തും വായനയും അറിഞ്ഞിരിക്കണം. പ്രായപരിധി 18 മുതൽ 46 വരെ. അപേക്ഷാ ഫോറം പെരുനാട് ഐസിഡിഎസ് ഓഫീസിൽ ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 15. (പിഎൻപി 3917/18)

**ലക്ചറർ ഒഴിവ്**

കോന്നി സിഎഫ്ആർഡിയുടെ കീഴിലുള്ള കോളജ് ഓഫ് ഇൻഡിജനസ് ഫുഡ് ടെക്നോളജിയിലേക്ക് ഫുഡ് ടെക്നോളജി വിഷയത്തിൽ കരാർ അടിസ്ഥാനത്തിൽ ലക്ചററെ നിയമിക്കുന്നു. അപേക്ഷാ ഫോറവും കൂടുതൽ വിവരവും www.supplycokerala.com എന്ന വെബ്സൈറ്റിൽ ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 10. (പിഎൻപി 3918/18)

## തൊഴിലുറപ്പു പദ്ധതി: റാന്നി ബ്ലോക്കിൽ കില ഇറ്റിസി പരിശീലനം

കൊട്ടാരക്കര കില ഇറ്റിസിയുടെ നേതൃത്വത്തിൽ തൊഴിലുറപ്പു പദ്ധതിയെക്കുറിച്ച് പരിശീലനം നടത്തി. റാന്നി ബ്ലോക്ക് പരിധിയിലെ തെരഞ്ഞെടുക്കപ്പെട്ട ഗ്രാമ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, തൊഴിലുറപ്പു ജീവനക്കാർ, തെരഞ്ഞെടുക്കപ്പെട്ട മേറ്റുമാർ എന്നിവർക്കാണ് പരിശീലനം നൽകിയത്. തൊഴിലുറപ്പു പദ്ധതി നടത്തിപ്പ് സംബന്ധിച്ച ഫീൽഡ് തല പ്രശ്ന പരിഹാരത്തിന് പ്രാധാന്യം നൽകിയുള്ള പരിശീലനം സംഘാടനം, പങ്കാളിത്തം എന്നിവ കൊണ്ടും ശ്രദ്ധേയമായി.

റാന്നി ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടന്ന പരിശീലനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഗിരിജാ മധു ഉദ്ഘാടനം ചെയ്തു. കൊട്ടാരക്കര കില ഇറ്റിസി പ്രിൻസിപ്പൽ ജി.കൃഷ്ണകുമാർ ആമുഖപ്രസംഗം നടത്തി. ബി ഡി ഒ കെ.വി.നാരായണൻ, റിട്ട. ഡെപ്യൂട്ടി ഡവലപ്മെന്റ് കമ്മീഷണർ സി.ശശിധരൻ പിള്ള, ജോ. ബിഡിഒ കെ.റ്റി. കൃഷ്ണൻകുട്ടി, എൽ.സമീറ, ഡോ. ജുനാ പോൾ എന്നിവർ പ്രസംഗിച്ചു.

(പിഎൻപി 3919/18)

## ഖാദി ബോർഡ് എക്സിബിഷൻ ഡിസംബർ 14 മുതൽ 23 വരെ പത്തനംതിട്ടയിൽ

ഖാദി ബോർഡ് സംസ്ഥാനതല എക്സിബിഷൻ നടത്തുന്നതിന്റെ ഭാഗമായി സ്വാഗതസംഘം രൂപീകരിച്ചു. സംസ്ഥാനതലത്തിൽ ആദ്യമായാണ് ഇത്തരമൊരു എക് സിബിഷൻ പത്തനംതിട്ടയിൽ സംഘടിപ്പിക്കുന്നത്. കേന്ദ്രസർക്കാരിന്റെ തൊഴിൽദായക പദ്ധതിയായ പി.എം.ഇ.ജി.പിയുടെ ഭാഗമായാണ് എക്സിബിഷൻ. ഡിസംബർ 14 മുതൽ 23 വരെ പത്തനംതിട്ട ടൗൺ ഹാളിൽ എക്സിബിഷൻ നടത്താൻ ഖാദി ബോർഡ് വൈസ് ചെയർപേഴ്സൺ ശോഭനാജോർജ്ജിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിച്ചു. പ്രദർശനത്തിൽ 25 സ്റ്റാളുകളുണ്ടാകും. പുതിയ വ്യവസായ സംരംഭത്തിലേക്ക് വരുന്നവർക്ക് പ്രോത്സാഹനം ഒരുക്കുകയെന്നതാണ് പ്രദർശനത്തിലൂടെ ലക്ഷ്യമിടുന്നത്. ഫോട്ടോ പ്രദർശനം, സ്പിന്നിംഗ് മിൽ, വീവിംഗ് മെഷീൻ, വിവിധ ഖാദി ഉത്പന്നങ്ങൾ എന്നിവയാണ് പ്രദർശനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കുടുംബശ്രീ അംഗങ്ങളെ ഉൾപ്പെടുത്തി ഘോഷയാത്ര, പത്ത് ദിവസം നീണ്ട് നിൽക്കുന്ന വിവിധ കലാപരിപാടികൾ എന്നിവയും പ്രദർശനത്തിലുണ്ടാകും. കലാപരിപാടികളിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കുന്നവർക്ക് സമ്മാനദാനവുമുണ്ടാകും.

നഗരസഭാ കൗൺസിലർ പി.കെ ജേക്കബ്, ലീഡ് ബാങ്ക് മാനേജർ ഡി.വിജയമോഹനൻ, ഖാദി ബോർഡ് ഡയറക്ടർമാരായ കെ.എസ് പ്രദീപ്കുമാർ, എം.സുരേഷ് ബാബു, പി.കെ അനിൽകുമാർ, പി.സുരേശൻ ഖാദി ബോർഡ് അസിസ്റ്റന്റ് ഡയറക്ടർ പി.സഞ്ജീവ്, ഖാദി ബോർഡ് ജില്ലാ പ്രോജക്ട് ഓഫീസർമാരായ കെ.പി അനുമോദ്, ആർ.ഗിരിജ, ഉണ്ണികൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 3920/18)

## അവകാശങ്ങളെക്കുറിച്ച് സ്ത്രീകൾ ബോധവാന്മാരാകണം: പി.കെ ശ്രീമതി ടീച്ചർ

ഭരണഘടന വിഭാവനം ചെയ്യുന്ന അവകാശങ്ങളെക്കുറിച്ച് സ്ത്രീകൾ ബോധവാന്മാരാകണമെന്ന് പി.കെ ശ്രീമതി എം.പി. കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന സാമൂഹ്യാധിഷ്ഠിത സ്വയംപഠന പ്രക്രിയയായ കുടുംബശ്രീ സ്കൂളിന്റെ രണ്ടാംഘട്ട ജില്ലാതല ഉദ്ഘാടനം നടത്തി സംസാരിക്കുകയായിരുന്നു പി.കെ ശ്രീമതി ടീച്ചർ. കുടുംബശ്രീ സ്കൂൾ ജില്ലയുടെ മുഖച്ഛായ തന്നെ മാറ്റുമെന്നതിൽ സംശയമില്ല. ശരിയായ അവകാശ ബോധത്തിലൂടെ സമൂഹത്തെ പുരോഗതിയിലേക്ക് ഉയർത്തുവാൻ കുടുംബശ്രീക്ക് സാധിക്കണമെന്നും പി.കെ ശ്രീമതി ടീച്ചർ പറഞ്ഞു. പ്രളയത്തിൽ ഗൃഹോപകരണങ്ങൾ

നഷ്ടപ്പെട്ട റീസർജന്റ് കേരള ലോൺ സ്കീമിന് (ആർകെഎൽഎസ്) അർഹരായ കുടുംബശ്രീ അംഗങ്ങൾക്ക് വിലക്കുറവിൽ ഗൃഹോപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഡിസ് കൗണ്ട് കാർഡ് വിതരണത്തിന്റെ ജില്ലാതല ഉദ്ഘാടനവും പി.കെ ശ്രീമതി ടീച്ചർ എംപി. നിർവഹിച്ചു. പദ്ധതിയിലൂടെ വിവിധ കമ്പനികളുടെ ഗൃഹോപകരണങ്ങൾ ആണ് 40 മുതൽ 50 ശതമാനം വരെ ഇളവിൽ പ്രളയബാധിതർക്ക് ലഭ്യമാക്കുന്നത്.

ആറന്മുള എംഎൽഎ വീണാജോർജ് അധ്യക്ഷത വഹിച്ചു. സംസ്ഥാനത്തെ 43 ലക്ഷം അയൽക്കൂട്ട വനിതകളുടെ സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ പുരോഗതിയും വ്യക്തിത്വ വികസനവും ലക്ഷ്യമിട്ടാണ് പദ്ധതി നടപ്പാക്കുന്നത്. അയൽക്കൂട്ടങ്ങൾ കേന്ദ്രീകരിച്ച് നടപ്പാക്കുന്ന അനൗപചാരിക വിദ്യാഭ്യാസ പദ്ധതിയിലൂടെ കുടുംബശ്രീ വനിതകളുടെ ബൗദ്ധിക നിലവാരവും ഇച്ഛാശക്തിയും ഉയർത്തുന്നതിനായി വിവിധ വിഷയങ്ങളിൽ അറിവ് നൽകുക എന്നതാണ് കുടുംബശ്രീ സ്കൂൾ വഴി ലക്ഷ്യമിടുന്നത്. വിരമിച്ച അധ്യാപകർ, സാമൂഹ്യ സാംസ്കാരിക മേഖലയിലെ വിദഗ്ധർ, വിവിധ മേഖലകളിൽ പ്രാഗൽഭ്യം നേടിയ വ്യക്തികൾ എന്നിവരായിരിക്കും പരിശീലനം നൽകുക. കൂടാതെ ഒരു വാർഡിൽ നിന്നും ആറ് റിസോഴ്സ് പേഴ്സൺമാരെയും ഇതിനായി തിരഞ്ഞെടുത്തിട്ടുണ്ട്. അയൽക്കൂട്ട യോഗങ്ങൾ ചേരുമ്പോൾ രണ്ടു മണിക്കൂർ വീതം ആറ് ആഴ്ചകളിലായാണ് പരിശീലനം. സ്ത്രീകളുടെ വ്യക്തിത്വ വികസനം, നേതൃപാടവം, അവകാശങ്ങളെ കുറിച്ചുള്ള അറിവ്, കാര്യശേഷി വികസനം എന്നിവയിൽ പരിശീലനം നൽകും. 2019 ജനുവരി 13 വരെയാണ് രണ്ടാംഘട്ട കുടുംബശ്രീ സ്കൂൾ ക്യാമ്പെയ്ൻ പ്രവർത്തനങ്ങൾ നടക്കുക. പത്തനംതിട്ട നഗരസഭ അധ്യക്ഷ ഗീതാ സുരേഷ് മുഖ്യപ്രഭാഷണം നടത്തി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണ്ണാദേവി, പഞ്ചായത്ത് പ്രസിഡന്റ് അസോസിയേഷൻ പ്രസിഡന്റ് മോഹൻരാജ് ജേക്കബ്, വാർഡ് കൗൺസിലർ വൽസൺ ടി.കോശി, കുടുംബശ്രീ സിഡിഎസ് ചെയർപേഴ് സൺ മോനി വർഗീസ്, കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ വി.എസ് സീമ, അസിസ്റ്റന്റ് ജില്ലാ മിഷൻ കോർഡിനേറ്റമാരായ കെ.എച്ച് സെലീന, എ. മണികണ്ഠൻ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 3921/18)

## ഫോട്ടോ അടിക്കുറിപ്പ്

1) കൊട്ടാരക്കര കില ഇറ്റിസിയുടെ നേതൃത്വത്തിൽ റാന്നി ബ്ലോക്കിൽ നടത്തിയ തൊഴിലുറപ്പു പദ്ധതി ഓഫ് കാമ്പസ് പരിശീലനം റാന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഗിരിജ മധു ഉദ്ഘാടനം ചെയ്യുന്നു.
2) ഖാദി ബോർഡ് സംസ്ഥാനതല എക്സിബിഷൻ നടത്തുന്നതിനോടനുബന്ധിച്ച് നടത്തിയ സ്വാഗതസംഘം രൂപീകരണയോഗം ഖാദി ബോർഡ് വൈസ് ചെയർപേഴ്സൺ ശോഭനാജോർജ് ഉദ്ഘാടനം ചെയ്യുന്നു.
3) മഞ്ഞനിക്കര പ്രാഥമിക ആരോഗ്യകേന്ദ്രം വീണാജോർജ്ജ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.
4) കുടുംബശ്രീ സ്കൂളിന്റെ രണ്ടാംഘട്ട ജില്ലാതല ഉദ്ഘാടനം പത്തനംതിട്ടയിൽ പി.കെ ശ്രീമതി ടീച്ചർ എം.പി നിർവഹിക്കുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്